## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*73.** **30.11.2018 ൽ മറുപടിയ്ക്ക്**

### ലഹരി ഉപയോഗം നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ടി.വി.ഇബ്രാഹിം<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.അബ്ദുൾ ഹമീദ്.പി. | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കഞ്ചാവ്, ഹാഷിഷ് ഓയിൽ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ കള്ളക്കടത്തും വിൽപനയും വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ജി.എസ്.ടി. നിലവിൽ വന്ന ശേഷം ചെക്ക് പോസ്റ്റുകളിൽ പരിശോധന നടക്കാത്തതാണ് ഇത്തരം പദാർത്ഥങ്ങളുടെ കള്ളക്കടത്ത് വർദ്ധിച്ചുവരാൻ കാരണം എന്നത് പരിശോധിച്ചിട്ടുണ്ടോ; | (ബി) | ജി.എസ്.ടി. നിലവിൽ വന്നത് എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളെയും ചെക്ക് പോസ്റ്റുകളിലെ പരിശോധനാ സംവിധാനത്തെയും ബാധിച്ചിട്ടില്ല. നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതാണ്. കൂടാതെ ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഇവിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് നൽകിയിട്ടുള്ളതും ആധുനിക പരിശോധനാ സംവിധാനങ്ങൾ ലഭ്യമാക്കിയിട്ടുമുണ്ട്. ഇത്തരത്തിൽ എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തിയതിന്റെ ഫലമായി ലഹരിവസ്തുക്കളുടെ കടത്തൽ, വിതരണം, ശേഖരണം എന്നിവ ഫലപ്രദമായി നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (സി) | വിവിധ സോഷ്യൽ മീഡിയകൾ വഴി ലഹരി പദാർത്ഥങ്ങൾ വിൽപന | (സി) | ഇല്ല. എന്നാൽ ഫെയ്സ്ബുക്കിലൂടെ ജി.എൻ.പി.സി. യെന്ന കൂട്ടായ്മ പ്രവർത്തിച്ചിരുന്നിട്ടുള്ളതായും ടി |

| | | | |
|---|---|---|---|
| | നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; | | കൂട്ടായ്മയിലൂടെ മദ്യഉപഭോഗത്തിന് പ്രചാരണം നൽകിയിരുന്നതായും കണ്ടുപിടിച്ച് ടി കൂട്ടായ്മയുടെ അഡ്മിനായ ശ്രീ. അജിത്കുമാറിനെയും ടിയാന്റെ ഭാര്യയെയും പ്രതി ചേർത്ത് തിരുവനന്തപുരം റെയ്ഞ്ചിൽ ക്രൈം. 37/2018 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിവിധ സാമൂഹിക മാധ്യമങ്ങളും ഡീപ് വെബ്, ബിറ്റ് കോയിൻ തുടങ്ങിയ സാങ്കേതിക വിദ്യ സംവിധാനങ്ങളും ഉപയോഗിച്ച് ലഹരി പദാർത്ഥ ങ്ങൾ വിൽപ്പന നടക്കുന്നതായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പരിശോധനകൾ നടത്തിവരുന്നു. ഇത്തരം കുറ്റകൃത്യങ്ങൾ കണ്ടെടുത്ത് നിയമ നടപടി സ്വീകരിക്കുന്നതിനുള്ള സജീവമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. |
| (ഡി) | ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം നിയന്ത്രിക്കുന്നതിന് സ്വീകരിച്ച വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ഡി) | ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ചിട്ടുണ്ട്. മദ്യം, മയക്കുമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ, മറ്റു ലഹരി വസ്തുക്കൾ എന്നിവയുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾ വിമുക്തി മിഷൻ മുഖേന സംഘടിപ്പിച്ചുവരുന്നു. നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിനുമായി ബഹുജന പങ്കാളിത്തത്തോടു കൂടി ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ഡീ-അഡിക്ഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും ഉള്ള പ്രവർത്തനങ്ങൾ വിമുക്തി മിഷൻ മുഖേന നടത്തി വരുന്നു. |

[signature]

സെക്ഷൻ ഓഫീസർ